# സ്പന്ദനം

| | |
|---|---|
| ജില്ല | : കൊല്ലം |
| ഗ്രാമപഞ്ചായത്ത് | : കടയ്ക്കൽ |
| വാർഡ് (എ.ഡി.എസ്സ്) | : 7, പന്തളം മുക്ക്. |
| അയൽക്കൂട്ടത്തിന്റെ പേര് | : കസ്തൂർബാ |
| ആകെ അംഗങ്ങൾ | : 20 പേർ |
| ആകെ സമ്പാദ്യം | : 8,80,000/- രൂപ |
| അഫിലിയേഷൻ നമ്പർ | : KDL/45/03 |

## നാൾവഴി................

2001 നവംബർ 21-ാം തീയതിയാണ് അയൽക്കൂട്ടം ആരംഭിച്ചത്. 20 പേർ ചേർന്നാണ് സംഘം രൂപീകരിച്ചത്. 25 രൂപയാണ് ആഴ്ച സമ്പാദ്യമായി അയൽക്കൂട്ടം വാങ്ങിയിരുന്നത്. 6 മാസം കഴിഞ്ഞപ്പോൾ ഒരു അംഗത്തിന് ആദ്യമായി 500/- രൂപ സമ്പാദ്യലോൺ കൊടുത്തു. **പിന്നീട് 2018 മെയ് മാസം ഒരു അംഗത്തിന് കൊടുത്ത സമ്പാദ്യ വായ്പ ഒരു ലക്ഷം രൂപമാണ്. ഇപ്പോൾ 25/- രൂപ ത്രിഫ്റ്റ് എന്നത് മാറ്റി 100/- രൂപയാണ് ഒരു അയൽക്കൂട്ട അംഗത്തിന്റെ ത്രിഫ്റ്റ്**. 2007ൽ 30,000/- രൂപ ഒരംഗത്തിന്റെ പേരിൽ സമ്പാദ്യ വായ്പ എടുത്ത് അരി കച്ചവടം തുടങ്ങി ലോൺ എടുത്തത് ഒരാളുടെ പേരിൽ ആണെങ്കിലും അടവ് എല്ലാർക്കു മുണ്ടായിരുന്നു. അരികച്ചവടം ലാഭമായിരുന്നു. തുടർന്ന് പലചരക്ക്, കറിപൗസർ, അച്ചാർ, പലഹാരങ്ങൾ എന്നിവയുടെ കച്ചവടം ആരംഭിച്ചു. അരിക്കട്ടവടത്തിൽ നിന്നും ലഭിച്ച ലാഭവിഹിതവും സമ്പാദ്യത്തിന്റെ വിഹിതവും ചേർന്നാണ് കച്ചവടം വിപുലപ്പെടുത്തിയത്. ഓരോ ആഴ്ചയിലും 5 പേർക്ക് വീതമാണ് ഡ്യൂട്ടി നിശ്ചയിച്ച് നൽകുക. ഓണത്തിന് കച്ചവടത്തിന്റെ ലാഭവിഹിതത്തിൽ നിന്നും അലവൻസ് എല്ലാം അംഗങ്ങൾക്കും നൽകി വരുന്നു. 2017ൽ എല്ലാവർക്കും 4,000/- രൂപ അലവൻസായി നൽകി.



**ഒരോ അംഗവും 20 തവണയിൽ കൂടുതൽ സമ്പാദ്യ വായ്പ  എടുത്തിട്ടുണ്ട്.** സമ്പാദ്യ വായ്പ, അലവൻസ് കൂടാതെ ധനസഹായം  ഗ്രൂപ്പിനുള്ളിലും പുറത്തും നൽകുന്നുണ്ട്. ഗ്രൂപ്പിലെ അംഗങ്ങളുടെ മക്കൾക്ക് സ്കൂൾ/ കോളേജ് തുറക്കുമ്പോൾ 2,000/- രൂപ മുതൽ 4,000/- രൂപ വിദ്യാഭ്യാസ ചെലവ് എന്ന പേരിൽ നൽകുന്നു. അത് വായ്പ ആയിട്ടില്ല, ലാഭവിഹിതത്തിൽ നിന്നും കണ്ടെത്തുന്നതാണ്. ബാങ്കുമായി അഞ്ചാമത്തെ തവണയാണ് ലിങ്ക് ചെയ്തിരിക്കുന്നത്. ആദ്യ ലിങ്ക് ചെയ്ത് 25,000/- രൂപയ്ക്ക് ആയിരുന്നു. സമ്പാദ്യവും, ലോൺ തുകയും ഉപയോഗിച്ചാണ് പലചരക്ക് വ്യാപാരം ചെയ്യപ്പെടുന്നത്തിയതും റെഡിമെയ്ഡ് ഗാർമെന്റ്സ്, പലഹാര നിർമ്മാണം എന്നിവ ആരംഭിച്ചതും. 20 അംഗങ്ങളും ഒരു പോലെ വിപണനത്തിൽ ഏർപ്പെടുന്നു ണ്ട്, 20 പേരുടേയും ആവശ്യങ്ങൾ സമ്പാദ്യ വായ്പ കൂടാതെ കച്ചവട ലാഭത്തിൽ നിന്നും നിറവേറ്റപ്പെടുന്നുണ്ട്. പുതിയ വീട് വെയ്ക്കാനും, മകളുടെ കല്യാണ ചിലവു കളും, വിദ്യാഭ്യാസ ആവശ്യങ്ങളും, ചികിത്സാ ചിലവുകളുമെല്ലാം ഇതുവഴി സാധ്യമാ കുന്നു. അംഗങ്ങളുടെ വീട്ടിലെ കല്യാണ ചിലവുകൾക്ക് 20000/- രൂപവരെ വായ്പയായി ലാഭ വിഹിതത്തിൽ നിന്നും കൊടുത്തിട്ടുണ്ട്.

## ഇനിയും മുന്നോട്ട് .......

2010ൽ കച്ചവടത്തിൽ മാത്രം നിൽക്കാതെ കൃഷി ചെയ്യുന്നതിലേക്കും അയൽക്കൂട്ടം ശ്രദ്ധപതിപ്പിച്ചു തുടങ്ങി. കസ്തൂർബാ അയൽക്കൂട്ടാംഗമായ ലീനയുടെ ബന്ധുവിന്റെ വസ്തു ഉപയോഗ ശൂന്യമായി കിടക്കുകയായിരുന്നു. അത് ഒരേക്കർ വസ്തു ഉണ്ടാ യിരുന്നു. **ആ വസ്തു പാട്ടത്തിന് എടുക്കാൻ അയൽക്കൂട്ട യോഗത്തിൽ തീരുമാനം ഉണ്ടായകുകയും 3000/- രൂപയ്ക്ക് പാട്ടത്തിന് എടുക്കുകയും** ഇഞ്ചി, വാഴ, പച്ചക്കറി

കൾ എന്നിവ കൃഷിചെയ്തു തുടങ്ങി. പലചരക്ക് വ്യാപാരം ചെയ്തതിന്റെ ലാഭ വിഹിതത്തിൽ നിന്നുള്ള തുകയാണ് പാട്ടകൃഷി ഭൂമിയ്ക്കും അതിന്റെ മറ്റ് ചിലവുകൾക്കാമായി ഉപയോഗിച്ചത്. 2018 ആയപ്പോഴേക്കും 20 അംഗങ്ങളും 5 ഏക്കറിലായി കൃഷി ചെയ്യുന്നു. 5 ഏക്കറും പാട്ടത്തിന് എടുത്താണ് ചെയ്യുന്നത്. കൂടാതെ 50 സെന്റ് വയൽ പാട്ടത്തിന് എടുത്ത് കരനെൽ കൃഷിയും ചെയ്തു. കൃഷിയിൽ നിന്നും മാത്രമായി 2010 മുതൽ 2018 വെരെ 2,46,000/- രൂപയുടെ ലാഭം ഉണ്ടായിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം ജെ.എൽ.ജി ആയി രജിസ്റ്റർ ചെയ്യുകയും, ഇൻസെന്റീവ് ലഭിക്കുകയും ചെയ്തു.

സ്ത്രീ കൂട്ടായ്മയിൽ വരുമാനം ലഭ്യമാക്കുന്നതോടൊപ്പം ഗ്രൂപ്പിലെ സുമി എന്ന അംഗത്തിന്റെ മകളെ (ആർദ്ര 8-ാം ക്ലാസ്സിൽ പഠിക്കുന്നു) 5 വർഷമായി ഗ്രൂപ്പ് ഏറ്റെടുത്ത് സംഗീതം പഠിപ്പിക്കുന്നു. വർഷം ആറായിരം രൂപയാണ് ഇതിനായി ഗ്രൂപ്പിൽ നീക്കി വെച്ചിരിക്കുന്നത്. മാച്ചിംഗ് ഗ്രാന്റായി അയ്യായിരം രൂപ ഗ്രൂപ്പിന് ലഭിച്ചിട്ടുണ്ട്. പലചരക്ക്, റെഡിമെയ്ഡ് ഗാർമെന്റ്സ്, കറിപൗഡർ, പലഹാരം, അച്ചാർ നിർമ്മാണം എന്നിവയെല്ലാം അയൽക്കൂട്ടാംഗങ്ങളുടെ അധ്വാനഫലമായി നന്നായി തന്നെ പോകുന്നുണ്ട്. കൃഷിയും അതുപോലെതന്നെ അയൽക്കൂട്ടതിന്റെ സംരംഭം, കൃഷി എന്നിവയുടെ ആകെ ലാഭവിഹിതം 9,35,600/- രൂപയാണ്.

കൂടാതെ എല്ലാ മാസവും രണ്ടാം ശനിയാഴ്ച അയൽക്കൂട്ടത്തിന് ഉല്ലാസ സായ്ഹാനം ആണ്. കലാപരിപാടികൾ മാത്രമാണ് ഉണ്ടാവുക. എല്ലാ ആഴ്ചയും അയൽക്കൂട്ട യോഗം കൂടുമ്പോൾ 20 വാർത്തകൾ ശേഖരിച്ച് പത്രവായന ഉണ്ടായിരിക്കും. **എല്ലാവർഷവും കാസ്സ് ഓഡിറ്റിംഗ് കൂടാതെ ഗ്രൂപ്പിൽ തന്നെ ഇന്റേണൽ ഓഡിറ്റിംഗ് നടത്താറുണ്ട്.** വർഷാവസാനം പഞ്ചായത്ത് മെമ്പർ സി.ഡി.എസ്സ്/ എ.ഡി.എസ്സ് പ്രതിനിധി എന്നിവരെ യോഗത്തിൽ പങ്കെടുപ്പിച്ച് കണക്കും അവതരിപ്പിക്കാറുണ്ട്. **അയൽക്കൂട്ട സെക്രട്ടറിയ്ക്ക് മാസത്തിൽ 300/- രൂപ കണക്കുകൾ കൈകാര്യം ചെയ്യുന്നതിന് അയൽക്കൂട്ട തീരുമാനപ്രകാരം കച്ചവട ലാഭവിഹിതത്തിൽ നിന്നും നൽകിവരുന്നു.** കസ്തൂർബാ അയൽക്കൂട്ടത്തിനു വേണ്ടി 2 സെന്റ് സ്ഥലം വാങ്ങി കസ്തൂർബാ അയൽക്കൂട്ട യോഗകാര്യങ്ങളും അനുബന്ധ പരിപാടികളും സംഘടിപ്പിക്കുന്നതിനും ഒരു മന്ദിരം നിർമ്മിക്കണമെന്നും ആഗ്രഹിക്കുന്നു.

ജെൻസി ജോൺ
എം.എഫ്.ഡി.പി.എം